STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.292/PR/SPMC/PHQ/2025 Date: 22.09.2025

# കേരള ഫിംഗർ പ്രിന്റ് ബ്യൂറോയ്ക്ക് ദേശീയ തലത്തിൽ നേട്ടം

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ ദേശീയ തലത്തിൽ നടത്തിയ വിരലടയാള വിദഗ്ദ്ധർക്കായുള്ള പരീക്ഷയിൽ ആദ്യ മൂന്ന് റാങ്കും നേടി കേരള പോലീസ് ഒന്നാമതെത്തി. ഇതാദ്യമായാണ് ആദ്യത്തെ മൂന്നുസ്ഥാനങ്ങളും കേരളത്തിന് ലഭിക്കുന്നത്.

വിരലടയാള വിദഗ്ദ്ധർക്കായി നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ നടത്തിയ ആൾ ഇന്ത്യ ബോർഡ് എക്സാമിനേഷനിലാണ് കേരളത്തിൽ നിന്ന് പങ്കെടുത്ത മുഴുവൻ പേർക്കും ഉന്നത വിജയം കരസ്ഥമാക്കാനായത്. ഈ മാസം ന്യൂഡൽഹിയിൽ വച്ച് മൂന്നുദിവസങ്ങളിലായി നടന്ന പരീക്ഷയിലാണ് അഭിമാനാർഹമായ നേട്ടം കേരളം കൈവരിച്ചത്.

തിരുവനന്തപുരത്തെ സ്റ്റേറ്റ് ഫിംഗർ പ്രിന്റ് ബ്യൂറോയിൽ നിന്നുള്ള അഭിജിത് .എ ഒന്നാം റാങ്കും കോഴിക്കോട് റൂറലിലെ ജില്ലാ ഫിംഗർ പ്രിന്റ് ബ്യൂറോയിൽ നിന്നുള്ള അക്ഷയ് ഇ.പി രണ്ടാം റാങ്കും വയനാട് ജില്ലാ ഫിംഗർ പ്രിന്റ് ബ്യൂറോയിൽ നിന്നുള്ള നിമിഷ .എ മൂന്നാം റാങ്കും കരസ്ഥമാക്കി.

കേരളത്തിൽ നിന്ന് പരീക്ഷയിൽ പങ്കെടുത്ത എട്ടുപേർക്കും ഉന്നതവിജയം കരസ്ഥമാക്കാനായത് അഭിമാനാർഹമാണ്. എല്ലാ വർഷവും ഇത്തരത്തിൽ പരീക്ഷകൾ നടത്താറുണ്ടെങ്കിലും പങ്കെടുത്ത എല്ലാപേരും ഉന്നതവിജയം കരസ്ഥമാക്കുന്നത് ഇതാദ്യമായാണ്.

***********************



ABHIJITH A.



# AKSHAY E.P.



# NIMISHA A.